## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

29.11.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 583

### അമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അനൂപ് ജേക്കബ് : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | എറണാകുളം ജില്ലയിലെ അമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് എന്തെങ്കിലും തടസ്സം ഉന്നയിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ)<br>(ബി)<br>&<br>(സി) | ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അധിക ധനാനുമതിയിലൂടെ 90 കോടി രൂപ 4885-01-200-95(പി) ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക എറണാകുളം സ്പെഷ്യൽ തഹസിൽദാരുടെ TSB A/c No. 799011400001072 ൽ നിന്നും സർക്കാർ തിരിച്ചെടുക്കുകയുണ്ടായി. തുടർന്ന്, സർക്കാർ പിൻവലിച്ച തുക തിരികെ നൽകുന്നതിന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചെങ്കിലും ആമ്പല്ലൂർ പ്രളയബാധിത മേഖലയിൽ ഉൾപ്പെട്ടതുകാരണം ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് സ്ഥാപിയ്ക്കുന്നതിന് സാങ്കേതിക പ്രശ്നങ്ങളുണ്ടോയെന്നു വിലയിരുത്തുവാൻ ഭരണ വകുപ്പിനോട് ധനവകുപ്പ് ആവശ്യപ്പെടുകയുണ്ടായി. അതിൻപ്രകാരം കെ.എസ്.ഐ.ഡി.സി യുടെ അനുകൂല റിപ്പോർട്ട് സഹിതം വീണ്ടും ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സമയബന്ധിതമായി പ്രാവർത്തികമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. |
| (ബി) | എങ്കിൽ ഇത് സംബന്ധിച്ച് വിശദീകരണം വ്യവസായ വകുപ്പ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | | |
| (സി) | സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് പരാമർശിച്ച പ്രസ്തുത പദ്ധതി കഴിവതും വേഗം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ